# സമസ്ത കേരള സുന്നി ബാലവേദി

(Under: **സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ**)

**സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം – 673 636. ഫോൺ: 9287274809, 0494 2400530, 2400749**

**website: www.sksbvstate.com, Email: sksbvstate@gmail.com**

***സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് ജില്ല, മേഖല,റെയ്ഞ്ച്, മദ്റസ യൂണിറ്റ് സുന്നി ബാലവേദി, ജംഇയ്യത്തുൽ മുഅല്ലിമീൻ എന്നിവയുടെ ഭാരവാഹികളെ അറിയിക്കുന്നത്.***

ബഹുമാന്യരെ, **السلام عليكم**

**ക്ഷേമം നേരുന്നു. ക്ഷേമത്തിനായി പ്രാർത്ഥിക്കുന്നു**

പുതിയൊരു അധ്യയനവർഷത്തിലേക്ക് നാം കടന്നിരിക്കുകയാണല്ലോ. സമസ്ത കേരള സുന്നി ബാല വേദിയുടെ പ്രവർത്തനങ്ങൾ കുടുതൽ ഊർജിതമായി മുൻ വർഷങ്ങളിലെ പോലെ ഈ വർഷവും സജീവമാകേണ്ടതുണ്ട്. സംസ്ഥാന കമ്മിറ്റി **കൂട്ടുകൂടാം സുകൃതവീഥിയിൽ** എന്ന പ്രമേയവുമായി **തഹ്ദീസ് 2022** സംഘടന ശാക്തീകരണ ക്യാമ്പയിൻ **ജൂൺ 1 മുതൽ ആഗസ്റ്റ് 31** വരെ കാലയളവിൽ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

## തഹ്ദീസ് 2022

**യൂണിറ്റ്**

* ജൂൺ 1 മുതൽ 15 വരെ യൂണിറ്റ് കൗൺസിൽ സംഘടിപ്പിക്കുക.
* സംസ്ഥാന കമ്മിറ്റി നൽകിയിട്ടുള്ള ഫോം അടിസ്ഥാനമാക്കിയാണ് കമ്മിറ്റി രൂപീകരിക്കേണ്ടത്.
* ജൂൺ 16 നുള്ളിൽ പൂരിപ്പിച്ച ഫോം റെയ്ഞ്ച് കമ്മിറ്റിയെ ഏല്പിക്കേണ്ടതാണ്.

**റെയ്ഞ്ച്**

* യൂണിറ്റിൽ നിന്നും ലഭിച്ച ഫോം റെയ്ഞ്ച് ഐ.ടി കോഡിനേറ്റർ മുഖാന്തരം *skjmcc* സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്.
* ജൂൺ 16 മുതൽ ജൂലൈ 15 വരെ റെയ്ഞ്ച് കൗൺസിൽ സംഘടിപ്പിക്കുക.
* പുതുതായി തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികളെയും കൗൺസിലർമാരെയും പങ്കെടുപ്പിച്ച് റെയ്ഞ്ച് കൗൺസിൽ സാഘടിപ്പിക്കേണ്ടതാണ്.
* സംസ്ഥാന കമ്മിറ്റി നൽകിയിട്ടുള്ള ഫോം അടിസ്ഥാനമാക്കിയാണ് കമ്മിറ്റി രൂപീകരിക്കേണ്ടത്.
* ജൂലൈ 16 ന് മുമ്പായി മേഖല/ജില്ലാ കമ്മിറ്റിയെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്ത് പുതുക്കിയ കമ്മിറ്റിയുടെ വിവരങ്ങളുടെ പ്രിന്റൗട്ട് ഏല്പിക്കേണ്ടതാണ്.
* ജില്ലാ കൗൺസിൽ പങ്കെടുക്കുന്ന സമയത്ത് അദാലത്തുള്ളതിനാൽ താഴെ പറയുന്ന രേഖകൾ കൊണ്ട് പോകേണ്ടതാണ്.

1. മിനുട്ട്സ് ബുക്ക്
2. അക്കൗണ്ട് ബുക്ക്
3. വാർഷിക റിപ്പോർട്ട്
4. വെബ്സൈറ്റിൽ അപ്ലോഡ് ചെയ്ത മുഴുവൻ യൂണിറ്റുകളുടെയും പ്രിന്റൗട്ട് കോപ്പി
6. വെബ്സൈറ്റിൽ അപ്ലോഡ് ചെയ്ത റെയ്ഞ്ചിന്റെ പ്രിന്റൗട്ട് കോപ്പി

*** മേഖല/ജില്ലാ കൗൺസിൽ ജൂലൈ 16 മുതൽ ആഗസ്റ്റ് 15 നുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.**

**മെമ്പർഷിപ്പ്**

മദ്റസാ യൂണിറ്റുകളിലെ മുഴുവൻ വിദ്യാർത്ഥി-വിദ്യാർത്ഥിനികളെയും അംഗങ്ങളാക്കി (പ്രവർത്തക സമിതിയിൽ പെൺകുട്ടികൾക്ക് അംഗത്വമുണ്ടായിരിക്കുന്നതല്ല.മെമ്പർഷിപ്പ് തുകയായ **അഞ്ച് രൂപ വീതം (അനാഥകളൊഴികെ)**പിരിച്ച് പഴയതു പോലെ 50 ശതമാനം റെയ്ഞ്ച് സെക്രട്ടറിയെ ഏൽപിക്കേണ്ടതും 50 ശതമാനം മദ്റസാ യൂണിറ്റ് എസ്.ബി.വി.ചെലവുകൾക്കായി വിനിയോഗിക്കാവുന്നതാണ്. റെയ്ഞ്ചിൽ ലഭിക്കുന്ന സംഖ്യ നിശ്ചിത ഫോറത്തിൽ രേഖപ്പെടുത്തി **ജൂലൈ 30 നകം സെൻട്രൽ കൗൺസിൽ ഓഫീസിലടച്ച് റസീപ്റ്റ് വാങ്ങേണ്ടതും മെമ്പർഷിപ്പ് കൈപറ്റേണ്ടതുമാണ്.**

**സംസ്ഥാന കമ്മിറ്റിക്ക് വിവരങ്ങൾ കൈമാറൽ**

താഴെതട്ടിൽ നടക്കുന്ന സംഘടനാ ചലനങ്ങൾ യഥാസമയം മേൽഘടകങ്ങളിലേക്ക് എത്തിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഇ-മെയിൽ: **sksbvstate@gmail.com**

എന്ന്

ചേളാരി
23-05-2022

SKSBV SAMASTHALAYAM P.O. Thenhipalam PIN - 673 636 CHELARI

ജന. സെക്രട്ടറി (ഒപ്പ്)
SKSBV സംസ്ഥാന കമ്മിറ്റി

NB: ഈ സർക്കുലർ ഫോട്ടോകോപ്പിയെടുത്ത് മദ്റസകളിലേക്ക് എത്തിക്കേണ്ടതാണ്.